# അമേരിക്കൻ മേധാവിത്വം ചോദ്യം ചെയ്യപ്പെടുന്നു

◆ കവർസ്റ്റോറി

**അശ്റഫ് കീഴുപറമ്പ്**

**അമേരിക്ക** ചോദ്യം ചെയ്യപ്പെടാത്ത സൂപ്പർ പവറായി മാറിയതിന് തെളിവായി സാധാരണ ഉദ്ധരിക്കപ്പെടാറുള്ള സംഭവമാണ് 2003-ലെ അമേരിക്കയുടെ ഇറാഖ് അധിനിവേശം. അത്തരം വിശകലനങ്ങൾ ഇപ്പോഴും ഒരു ഭാഗത്ത് നടക്കുന്നു. എന്നാൽ, സംഭവങ്ങളെ കുറേക്കൂടി ആഴത്തിൽ വിശകലനം ചെയ്യുന്നവർ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തകർച്ചയുടെ തുടക്കമായാണ് പ്രസിഡന്റ് ബുഷിന്റെ ബുദ്ധിശൂന്യമായ ആ നടപടിയെ കാണുന്നത്. അമേരിക്കയിലെ വൈദേശിക ബന്ധങ്ങൾക്കായുള്ള സമിതിയുടെ തലവനായ റിച്ചാർഡ് ഹെസ്, *ഫോറിൻ അഫയേഴ്സ് മാഗസിനിൽ* (2006 ഡിസംബർ) എഴുതിയ ലേഖനത്തിൽ, ഇറാഖ് അധിനിവേശത്തോടെ മധ്യപൗരസ്ത്യദേശത്തെ അമേരിക്കൻ മേധാവിത്വത്തിന് അന്ത്യം കുറിക്കപ്പെട്ടതായി സമർഥിക്കുന്നു. മേഖലയുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചിരിക്കുന്നു. എണ്ണസമ്പന്നമായ ഈ മത്സരക്കളരിയിൽ പുതിയ കളിക്കാർ രംഗപ്രവേശം ചെയ്തിരിക്കുന്നു. ആയുധങ്ങൾ കാട്ടി പേടിപ്പിച്ചതുകൊണ്ട് ഇനി കാര്യമില്ല. പ്രശ്നങ്ങളെ നയതന്ത്രത്തിലൂടെ കൈകാര്യം ചെയ്യാൻ അമേരിക്ക പഠിക്കുകയേ നിർവാഹമുള്ളൂ. ഇതാണ് ലേഖനത്തിന്റെ സാരാംശം.

മധ്യപൗരസ്ത്യം വിദേശ മേധാവിത്വത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെന്ന് റിച്ചാർഡ് ഹെസ് പറയുന്നു. ഫ്രാൻസിന്റെ ആക്രമണവും ഉസ്മാനിയാ ഖിലാഫത്തിന്റെ പതനവുമാണ് ഒന്നാം ഘട്ടം (1798-1917). ഇക്കാലയളവിൽ മധ്യപൗരസ്ത്യം ഏറക്കുറെ ഫ്രഞ്ച് അധീനതയിലായിരുന്നു. പിന്നെയാണ് ഫ്രഞ്ച് -ഇംഗ്ലീഷ് കൊളോണിയലിസം (1917-1956). സോവിയറ്റ്-അമേരിക്കൻ വടംവലിയുടെ ഘട്ടമായിരുന്നു അടുത്തത് (1956-1991). പിന്നെയൊരു പതിറ്റാണ്ടിലധികം അമേരിക്കയുടെ മേധാവിത്വമായിരുന്നു (1991-2003). ഇറാഖ് അധിനിവേശത്തോടെ അതിനും സമാപനമായി. ഇനിയാര് എന്നാണ് ലേഖകന്റെ ചോദ്യം. അമേരിക്കൻ തിരോധാനത്തിന് ആക്കം കൂട്ടിയ കാര്യങ്ങളും അദ്ദേഹം ചർച്ചചെയ്യുന്നുണ്ട്. പരമ്പരാഗത അറബ് രാഷ്ട്രീയ-ഭരണ സ്ഥാപനങ്ങളുടെ പരാജയമാണ് അതിലൊന്ന്. ജനഹിതത്തിന്റെ എതിർചേരിയിൽ നിൽക്കുന്ന ഇവിടത്തെ ഭരണകൂടങ്ങളെ സംരക്ഷിക്കുക വഴി അറബ് സമൂഹങ്ങളുടെ രോഷവും വെറുപ്പും അമേരിക്കക്ക് ഏറ്റുവാങ്ങേണ്ടിവന്നു. ഇതെല്ലാം പുതിയ കളിക്കാർക്ക് ഗ്രൗണ്ടൊരുക്കുകയാണ്. ലബനാനിലെ തിരിച്ചടിക്കു ശേഷം ഇസ്രയേലിന്റെ സ്ട്രാറ്റജിക് നില ദുർബലമായതും അമേരിക്കയെ തളർത്തുന്നു.

## പുടിന്റെ പ്രസംഗം

ഈ വിശകലനത്തെ സാധൂകരിക്കുന്ന രാഷ്ട്രീയ നീക്കങ്ങളാണ് അന്താരാഷ്ട്രതലങ്ങളിൽ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. മധ്യപൗരസ്ത്യദേശത്ത് മാത്രമല്ല മറ്റിടങ്ങളിലും അമേരിക്കയുടെ പിടി അയഞ്ഞിരിക്കുന്നു. ഷാവേസിനും നിജാദിനും പിറകെ റഷ്യൻ പ്രസിഡന്റ് വ്ളാഡ്മിർ പുടിനും അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ പരസ്യമായി രംഗത്തുവന്നുകഴിഞ്ഞു. സോവിയറ്റ് യൂനിയന്റെ പതനത്തിനു ശേഷം ശാക്തികചേരിപ്പോരിൽനിന്നുള്ള റഷ്യയുടെ തന്ത്രപരമായ പിൻവാങ്ങലിന്റെ കാലം കഴിഞ്ഞു എന്നാണിതിന്റെ സൂചനയെന്ന് മോസ്കോവിൽനിന്ന് വ്ളാഡ്മിർ റാഡ്യുഹിൻ (*ഫ്രന്റ്ലൈൻ* 2007 ഏപ്രിൽ 6) റിപ്പോർട്ട് ചെയ്യുന്നു. കഴിഞ്ഞ ഫെബ്രുവരി 10-ന് മ്യൂണിക്കിൽ ചേർന്ന സുരക്ഷാ സമ്മേളനത്തിൽ പുടിൻ ചെയ്ത പ്രസംഗം അമേരിക്കൻ മേധാവിത്വത്തെ പരസ്യമായി വെല്ലുവിളിക്കുന്നതായിരുന്നു. ജർമൻ ചാൻസലർ ഉൾപ്പെടെയുള്ള 250 ലോകനേതാക്കളെ അഭിമുഖീകരിച്ചുകൊണ്ട് പുടിൻ പറഞ്ഞു: "അമേരിക്കയുടെ ഏകധ്രുവലോകം അസ്വീകാര്യവും അസാധ്യവുമാണ്. നിയമവിരുദ്ധ പ്രവർത്തനങ്ങളിലൂടെയും ബലപ്രയോഗത്തിലൂടെയും അമേരിക്ക ആധിപത്യം അടിച്ചേൽപിക്കുന്നത് ലോകത്തെ നിത്യ സംഘർഷങ്ങളുടെ ചുഴിയിലേക്ക് തള്ളിയിട്ടിരിക്കുന്നു. ഒരു രാഷ്ട്രം, അമേരിക്ക അതിന്റെ ദേശീയാതിർത്തികൾ ചാടിക്കടന്ന് അതിന്റെ നിയമങ്ങൾ മറ്റു രാജ്യങ്ങളിൽ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നു. ആരാണിത് ഇഷ്ടപ്പെടുക? ആർക്കെങ്കിലും ഇതു കണ്ട് സന്തോഷം

തോന്നുമോ?"

അമേരിക്ക അന്താരാഷ്ട്ര നിയമങ്ങളെ കാറ്റിൽപറത്തുന്നതും ആയുധങ്ങൾ കുന്നുകൂട്ടുന്നതും ലോകമൊന്നാകെ അതിക്രമങ്ങൾ അഴിച്ചുവിടുന്നതുമാണ് മറ്റുള്ളവർ നശീകരണായുധങ്ങൾ നിർമിക്കാൻ ഇടയാക്കുന്നത്. ഭീകരപ്രവർത്തനങ്ങൾ പോലും ഇതിനോടുള്ള പ്രതികരണമാണ് -പുടിൻ തുറന്നടിച്ചു. "അമേരിക്കയുടെ ആഗോള പ്രതിരോധ മിസൈൽ പദ്ധതി ഒരു പ്രദേശത്ത് മാത്രമല്ല, ലോകമൊന്നടങ്കം സംഘർഷങ്ങളെയാവും തൊടുത്തുവിടുക. റഷ്യയുടെ ആണവായുധങ്ങളെ നിർവീര്യമാക്കാനെന്ന പേരിൽ അമേരിക്ക യൂറോപ്പിൽ നിർമിക്കാൻ പോകുന്ന മിസൈൽ നശീകരണ സംവിധാനങ്ങൾ വീണ്ടും ഒരു ആയുധ മത്സരത്തിലേക്കാണ് കൊണ്ടെത്തിക്കുക. അതിനാൽ ഒരു പുതിയ ആഗോള സുരക്ഷാ സംവിധാനം ആവശ്യമായിരിക്കുന്നു."

BRIC രാജ്യങ്ങളുടെ (Brazil, Russia, India, China) മൊത്തം ആഭ്യന്തര ഉൽപാദനം യൂറോപ്യൻ യൂനിയൻ രാജ്യങ്ങളേക്കാൾ കൂടുതലാണെന്ന കാര്യം ഓർക്കണമെന്നും പുടിൻ യൂറോപ്യൻ നേതാക്കളെ ഉണർത്തി: "സാമ്പത്തിക ശക്തിയുടെ ഈ പുതിയ കേന്ദ്രങ്ങൾ വിദൂരമല്ലാത്ത ഭാവിയിൽ രാഷ്ട്രീയ ശക്തിയായി പരിണമിക്കുമെന്ന് എനിക്കുറപ്പുണ്ട്. അത് ബഹുധ്രുവലോകത്തിന് ശക്തിപകരും."

ഈ പ്രഖ്യാപനം കഴിഞ്ഞ് പുടിൻ നേരെ പോയത് സുഊദി അറേബ്യയിലേക്കും പിന്നെ ജോർദാനിലേക്കും ഖത്തറിലേക്കുമാണ്. മൂന്നും അമേരിക്കക്ക് വേണ്ടപ്പെട്ട രാജ്യങ്ങൾ. ഈ നീക്കം അമേരിക്കയെ പ്രകോപിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തം. ഏറ്റവുമധികം എണ്ണ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നായ റഷ്യയുടെ സാരഥി ഊർജ സഹകരണത്തെക്കുറിച്ചാണ് കാര്യമായും സംസാരിച്ചത്. ആയുധക്കരാറുകളും ഉണ്ടാക്കാമെന്ന് റഷ്യ ഈ മൂന്ന് രാജ്യങ്ങളോടും സന്നദ്ധത അറിയിച്ചു. ഇറാനോടൊപ്പം റഷ്യയും അമേരിക്കയുടെ സൈനികലക്ഷ്യങ്ങളിലൊന്നായി മാറിയ സ്ഥിതിക്ക് ഇരു രാഷ്ട്രങ്ങളും തമ്മിൽ ഊർജ സഹകരണം മാത്രമല്ല സൈനികക്കരാറുകൾ വരെ ഉരുത്തിരിയാനുള്ള സാധ്യതയുണ്ട്.

ഊർജം, പ്രതിരോധ സാങ്കേതിക വിദ്യകൾ എന്നീ രണ്ട് സുപ്രധാന മേഖലകൾ കേന്ദ്രീകരിച്ചുള്ളതാണ് പുടിന്റെ വിദേശനയം. ലോകത്ത് ഏറ്റവുമധികം പ്രകൃതിവാതകം ഉൽപാദിപ്പിക്കുന്നത് റഷ്യയാണ്. എണ്ണ കയറ്റുമതി രാജ്യങ്ങളിൽ രണ്ടാം സ്ഥാനവും റഷ്യക്കുണ്ട്. ഈ വിഭവശേഷി തങ്ങളുടെ സാമ്പത്തിക, രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കാൻ റഷ്യ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. എണ്ണ വാങ്ങുന്ന രാഷ്ട്രങ്ങളുടെ സുരക്ഷാ ചുമതലയും റഷ്യ ഏറ്റെടുക്കുന്നു. യെൽറ്റ്സിൻ പ്രസിഡന്റായിരുന്ന 1999-ൽ റഷ്യയുടെ ആയുധവിൽപന 3.4 ബില്യൻ ഡോളറായിരുന്നു. അത് 2006-ൽ 6.5 ബില്യൻ ഡോളറായി വർധിച്ചു. റഷ്യയുടെ പുതിയ രീതിയിലുള്ള എണ്ണ വ്യാപാരവും സുരക്ഷാ സാങ്കേതികവിദ്യകളുടെ കൈമാറ്റവും ചെന്നുകൊള്ളുന്നത് എണ്ണക്കച്ചവടം കുത്തകയാക്കിവെച്ചിരുന്ന അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികളുടെ നെഞ്ചത്താണ്. പുതിയ സാമ്പത്തികശക്തികളായ ചൈനക്കും ഇന്ത്യക്കും ഊർജത്തിന്റെ വലിയൊരു പങ്ക് നൽകിക്കൊണ്ട് എണ്ണയൊഴുക്ക് പാശ്ചാത്യരിൽനിന്ന് തിരിച്ചുവിടുക എന്നൊരു ലക്ഷ്യവും റഷ്യക്കുണ്ട്.

ഈ പശ്ചാത്തലത്തിൽ വേണം റഷ്യ ചൈനയോടൊപ്പം ഷാങ് ഹായ് കോ-ഓപറേഷൻ ഓർഗനൈസേഷൻ (എസ്.സി.ഒ) എന്ന ശക്തമായ മേഖലാ സുരക്ഷാ കൂട്ടായ്മയിൽ ചേർന്നതിനെ കാണാൻ. കസാഖിസ്താൻ, ഉസ്ബെകിസ്താൻ, കിർഗിസ്താൻ, താജികിസ്താൻ എന്നിവയാണ് ഈ കൂട്ടായ്മയിലെ മറ്റു അംഗ രാഷ്ട്രങ്ങൾ. താലിബാനെ പുറത്താക്കാനെന്ന പേരിൽ അമേരിക്ക മധ്യേഷ്യൻ രാജ്യങ്ങളിൽ വിന്യസിച്ച സൈന്യങ്ങളെ ഉടൻ പിൻവലിക്കണമെന്ന എസ്.സി.ഒയുടെ ആവശ്യം അമേരിക്കയെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ വർഷം ഇന്ത്യക്കും പാകിസ്താന്നും ഇറാന്നും നിരീക്ഷകപദവി നൽകിക്കൊണ്ട് എസ്.സി.ഒ അതിന്റെ മേഖലാ വ്യാപ്തി വർധിപ്പിക്കുകയുണ്ടായി.

'റഷ്യയുടെ ആധിപത്യ പ്രവണതകളെ' ചെറുക്കാനെന്ന പേരിൽ അമേരിക്ക യൂറോപ്യൻ രാജ്യങ്ങളെ ഒന്നിപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് റഷ്യ 'പഴയ യൂറോപ്പിൽ' പെടുന്ന ജർമനി, ഇറ്റലി, ഫ്രാൻസ് എന്നീ രാജ്യങ്ങളുമായി എണ്ണക്കരാർ ഉണ്ടാക്കുന്നത്. ബാൾക്കൻ എണ്ണക്കുഴലിന്റെ നിർമാണത്തിന് ബൾഗേറിയയുമായും ഗ്രീസുമായും മറ്റൊരു കരാറും ഉണ്ടാക്കി. ഇതെല്ലാം മേഖലയിലെ അമേരിക്കൻ താൽപര്യങ്ങളെ ഗുരുതരമായി ബാധിക്കും.

എണ്ണയുൽപാദക രാഷ്ട്രങ്ങളുടെ ഒപെക് പോലെ ഒരു 'ഗ്യാസ് ഒപെക്' കൂട്ടായ്മ ഉണ്ടാക്കാനുള്ള ശ്രമവും റഷ്യ തകൃതിയായി നടത്തിക്കൊണ്ടിരിക്കുന്നു. ഇറാനും ഖത്തറും ഇതിൽ ചേരുമെന്ന് ഏറക്കുറെ ഉറപ്പായിട്ടുണ്ട്. ഈ മൂന്ന് രാഷ്ട്രങ്ങളുടെ കൈകളിലാണ് മൊത്തം പ്രകൃതിവാതക ശേഖരത്തിന്റെ അറുപത് ശതമാനവും. അൾജീരിയ, വെനിസ്വല, മധ്യേഷ്യൻ രാഷ്ട്രങ്ങൾ എന്നിവ കൂടി ഇവരോടൊപ്പം ചേർന്നാൽ ഗ്യാസിന്റെ കുത്തക ഏറക്കുറെ ഈ കൂട്ടായ്മയുടെ കൈകളിലാകും. ഊർജ കമ്പോളം നിയന്ത്രിക്കാനുള്ള അമേരിക്കൻ നീക്കങ്ങളെ ചെറുക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്. എണ്ണക്കു വേണ്ടി ഇറാഖിൽ അധിനിവേശം നടത്തിയ അമേരിക്ക, ഊർജസ്രോതസ്സുകളെ മൊത്തം തങ്ങളുടെ കൈകളിൽനിന്ന് അടിച്ചുമാറ്റാനുള്ള നീക്കങ്ങൾ കണ്ട് വെറുതെയിരിക്കുമോ?

കിഴക്കൻ യൂറോപ്പിൽ റഷ്യൻ അതിർത്തിയോട് ചേർന്ന് അമേരിക്ക ആഗോള പ്രതിരോധ മിസൈൽ സംവിധാനം ഒരുക്കുന്നത് 'ഇറാൻ, ഉത്തര കൊറിയ തുടങ്ങിയ തെമ്മാടി രാഷ്ട്രങ്ങളെ നേരിടാനാണ്'എന്ന് ഔദ്യോഗിക ഭാഷ്യം. യഥാർഥ ഉന്നം റഷ്യയാണെന്ന് എല്ലാവർക്കുമറിയാം. റൊണാൾഡ് റീഗന്റെ 'നക്ഷത്ര യുദ്ധ'പദ്ധതി പൊടിതട്ടിയെടുത്താണ് യുദ്ധസന്നാഹമൊരുക്കുന്നത്. നക്ഷത്ര യുദ്ധത്തെ നേരിടാൻ സോവിയറ്റ് യൂനിയൻ ബദൽ പദ്ധതി ആവിഷ്കരിക്കാൻ ശ്രമിച്ചതാണ് ആ രാഷ്ട്രം സാമ്പത്തികമായി തകരാനുള്ള ഒരു കാരണം. തങ്ങളുടെ രണ്ടാം നക്ഷത്ര യുദ്ധ പദ്ധതിയിലൂടെ റഷ്യയും അതുപോലെ തകരും എന്ന കണക്കുകൂട്ടലിലാണ് പെന്റഗൺ.

## ഹിസ്ബുല്ലയുടെ 'കൊട്ട്"

അമേരിക്ക, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നിവക്കു ശേഷം ആറാമത്തെ സൈനികശക്തിയാണ് ഇസ്രയേൽ എന്നാണ് വെപ്പ്. 200 ആണവ ബോംബുകളുണ്ട് ഇസ്രയേലിന്റെ കൈവശം. 51.3 ബില്യൻ ഡോളർ സൈനിക സഹായമായിട്ടും 31 ബില്യൻ സാമ്പത്തിക സഹായമായിട്ടും 11.2 ബില്യൻ ആയുധങ്ങൾ വാങ്ങാനുള്ള കടമായിട്ടും അമേരിക്കയിൽനിന്ന് ഇസ്രയേലിന് കിട്ടിക്കൊണ്ടിരിക്കുന്നു. 1967-ൽ അറബ് സൈന്യങ്ങളെ തകർത്ത് തരിപ്പണമാക്കാൻ ഇസ്രയേലിന് ആറ് ദിവസമേ വേണ്ടിവന്നുള്ളൂ. ഈ സൈനിക അജയ്യതയാണ് ഹിസ്ബുല്ല എന്ന എണ്ണത്തിൽ കുറവായ അർധസൈനിക വിഭാഗം പൊളിച്ച് കൈയിൽ കൊടുത്തിരിക്കുന്നത്. ഇസ്രയേലിന് ഇനി അതിന്റെ സൈനിക പൂർവ പ്രതാപം ഒരിക്കലും തിരിച്ചുപിടിക്കാനാവില്ലെന്ന് നിരീക്ഷകർ വിധിയെഴുതിക്കഴിഞ്ഞു. സൈന്യത്തിന്റെ ആത്മവീര്യം അത്രയേറെ ചോർന്നുപോയിരിക്കുന്നു.

തങ്ങളുടെ രണ്ട് സൈനികരെ ഹിസ്ബുല്ല പിടിച്ചുവെച്ചു എന്ന അതിനിസ്സാരമായ കാരണം പറഞ്ഞാണ് 2006 -ൽ ഇസ്രയേൽ ലബനാനിൽ ഭീകരതാ

ണ്ഡവമാടിയത്. മുന്നറിയിപ്പു പോലുമില്ലാതെ ജനവാസകേന്ദ്രങ്ങൾ വരെ ബോംബിട്ട് കരിക്കുകയായിരുന്നു. രണ്ട് സൈനികരെ തട്ടിക്കൊണ്ടുപോയതിന്റെ പേരിൽ ഇസ്രയേൽ സമ്പൂർണ യുദ്ധം പ്രഖ്യാപിക്കുമെന്ന് താനൊരിക്കലും പ്രതീക്ഷിച്ചില്ലെന്നും ഇത് മുൻകൂട്ടി കണ്ടിരുന്നുവെങ്കിൽ സൈനികരെ തട്ടിക്കൊണ്ടുപോകാൻ താൻ നിർദേശം കൊടുക്കില്ലായിരുന്നെന്നും ഹിസ്ബുല്ലാ തലവൻ ഹസൻ നസ്റുല്ല പിന്നീട് പറയുകയുണ്ടായി. ലബനീസ് ജനതയോട് ഇതിന്റെ പേരിൽ അദ്ദേഹം മാപ്പു ചോദിക്കുകയും ചെയ്തു. ഒരു ഏറ്റുമുട്ടലിനുള്ള യാതൊരു തയാറെടുപ്പും ഹിസ്ബുല്ല നടത്തിയിരുന്നില്ല എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. എന്നാൽ ഇസ്രയേലിന്റെ സ്ഥിതിയോ? 2006 ജനുവരിയിൽ താൻ അധികാരമേറ്റെടുത്ത ഉടനെത്തന്നെ ലബനാൻ ആക്രമണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നുവെന്നാണ് ഇസ്രയേലിലെ ജസ്റ്റിസ് വിനോഗ്രാഡ് അധ്യക്ഷനായ അന്വേഷണ കമീഷനു മുമ്പിൽ പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ട് മൊഴി നൽകിയത്. അതായത് ആറു മാസത്തെ ഒരുക്കങ്ങൾ. സൈനികരെ തട്ടിക്കൊണ്ടുപോയത് ആക്രമണം തുടങ്ങാനുള്ള ഒരു നിമിത്തം മാത്രം. അമേരിക്കയുടെ എല്ലാവിധ പിൻബലത്തോടെയും ലബനാനിലേക്ക് ഇരച്ചുകയറിയ ഈ ഇസ്രയേൽ സൈന്യത്തെയാണ് 34 ദിവസത്തെ യുദ്ധത്തിലൂടെ ഹിസ്ബുല്ല മലർത്തിയടിച്ചത്.

ലബനാനിൽ ഇസ്രയേലിനേറ്റ പരാജയം അമേരിക്കയുടെ മേധാവിത്വത്തിന് ഏൽപിക്കുന്ന പ്രഹരത്തിന്റെ ആഴം വരുംകാലങ്ങളിലേ കൂടുതൽ വ്യക്തമാകൂ. ഊർജസ്രോതസ്സുകളായ മധ്യ പൗരസ്ത്യദേശത്തെയും മധ്യേഷ്യയെയും കൈപ്പിടിയിലൊതുക്കാൻ അമേരിക്ക തന്ത്രങ്ങൾ മെനയുന്നത് ഇസ്രയേലിനെ കേന്ദ്രീകരിച്ചാണ്. ആ ഇസ്രയേൽ ഇന്ന് എല്ലാ നിലക്കും അതിന്റെ ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ പ്രതിസന്ധിയെ മുഖാമുഖം കാണുകയാണ്. ഇസ്രയേലിലേക്ക് കുടിയേറുന്നവരേക്കാൾ കൂടുതൽ ജൂതന്മാർ അവിടെനിന്ന് അന്യദേശങ്ങളിലേക്ക് ചേക്കേറുന്നു എന്നാണ് ഒടുവിലത്തെ റിപ്പോർട്ട്. രാജ്യം ഉപേക്ഷിച്ചുപോകുന്നവരിൽ അധികവും വിദഗ്ധരായ പ്രഫഷണലുകളും തൊഴിലാളികളും. ഇങ്ങനെയൊരു പ്രതിസന്ധി ജൂത രാഷ്ട്രത്തിന് മുമ്പ് നേരിടേണ്ടിവന്നിട്ടില്ലെന്ന് പ്രമുഖ ചിന്തകനും ലോക രാഷ്ട്രീയ നിരീക്ഷകനുമായ ഐജാസ് അഹ്മദ് എഴുതുന്നു (*ഫ്രണ്ട് ലൈൻ* 2007 ഏപ്രിൽ 6). ഭാവിയിൽ ഇതൊരു കൂട്ടപ്പലായനമാകുമോയെന്ന് ഇസ്രയേൽ ന്യായമായും ഭയക്കുന്നുണ്ട്. അങ്ങനെ സംഭവിച്ചാൽ ഇസ്രയേലിനകത്തുതന്നെ അറബ് വംശജർ ജനസംഖ്യയിൽ ജൂതന്മാർക്കൊപ്പം എത്തുകയോ അവരെ മറികടക്കുകയോ ചെയ്യും. ഈ ജനസംഖ്യാ ഭീതി ഫലസ്ത്വീനികളെ കൂട്ടത്തോടെ കൊന്നൊടുക്കാൻ ജൂതസൈന്യത്തെ പ്രേരിപ്പിച്ചേക്കുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. പത്തു ശതമാനത്തിൽ താഴെയാണത്രെ ഇസ്രയേൽ പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ടിന്റെ ജനപ്രീതി. ഇത് ഇസ്രയേലിലെ ആഭ്യന്തര പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നു. അമേരിക്കയിൽ ബുഷ് ഇതിനേക്കാൾ ഭേദമാണ്. അങ്ങോർക്ക് ഇപ്പോഴും 25 ശതമാനം ജനസമ്മതിയുണ്ട്.

### പശ്ചിമേഷ്യയിലെ മാറ്റങ്ങൾ

സുഊദി അറേബ്യയിൽ അബ്ദുല്ല രാജാവ് അധികാരമേറ്റ ശേഷം അമ്പരപ്പിക്കുന്ന മാറ്റങ്ങൾ വിദേശനയങ്ങളിൽ കാണാനുണ്ട്. അമേരിക്കയുടെ വിശ്വസ്ത സുഹൃത്ത് എന്നതിലപ്പുറം പോകാൻ അടുത്തകാലം വരെയും സുഊദി അറേബ്യക്ക് കഴിയുമായിരുന്നില്ല. ഈ കെട്ടുപാട് കാരണം അറബ്-മുസ്‌ലിം പ്രശ്നങ്ങളിൽ ജനഹിതത്തിനൊപ്പം നിൽക്കാൻ പലപ്പോഴും അവർക്ക് സാധിക്കാതെ വന്നു. അമേരിക്ക ഇറാഖീചതുപ്പുനിലത്തിൽ കുടുങ്ങിയതോടെ സ്വതന്ത്രവും ജനാഭിലാഷങ്ങൾക്കൊപ്പം നിൽക്കുന്നതുമായ നിലപാടുകളിലേക്ക് മാറാൻ ഒരു പരിധിവരെ സുഊദിക്ക് കഴിയുന്നുണ്ട്. മേഖലയിലെ അമേരിക്കൻ മേധാവിത്വം ദുർബലമായതിന്റെ സൂചനയായി ഇതിനെ വായിക്കാവുന്നതാണ്. തന്റെ മുൻഗാമികൾ സാധാരണ പോകാത്ത രാജ്യങ്ങളിലേക്കായിരുന്നു അബ്ദുല്ലാ രാജാവിന്റെ ആദ്യ സന്ദർശനങ്ങൾ. വിദേശ സന്ദർശനത്തിന്റെ ആദ്യ റൗണ്ടിൽതന്നെ അദ്ദേഹം ഇന്ത്യയിലും പാകിസ്താനിലും മലേഷ്യയിലും ചൈനയിലുമെത്തി. പുതിയ സുഹൃത്തുക്കളെ തേടി അദ്ദേഹം കിഴക്കിലേക്കും വിദൂര കിഴക്കിലേക്കുമാണ് നോക്കുന്നത് എന്നർഥം.

അബ്ദുല്ലാ രാജാവിന്റെ റഷ്യൻ സന്ദർശനവും പുടിന്റെ സുഊദി സന്ദർശനവും മേഖലയുടെ ചരിത്രത്തിൽ വഴിത്തിരിവായേക്കാവുന്ന സംഭവങ്ങളാണ്. പതിറ്റാണ്ടുകളായി നയതന്ത്രബന്ധങ്ങൾ തീരെ ഇല്ലാതിരുന്ന ഇരു രാജ്യങ്ങളും ഇന്ന് അടുത്ത സുഹൃത്തുക്കളാണ്. പ്രതിരോധം, സ്പെയ്സ് നാവിഗേഷൻ സിസ്റ്റം തുടങ്ങിയ ഉയർന്ന സാങ്കേതികകാര്യങ്ങളിൽ ഇരു രാഷ്ട്രങ്ങളും കരാറുകൾ വരെ ഒപ്പുവെച്ചു. 150 T-90 ടാങ്കുകൾ റഷ്യയിൽനിന്ന് വാങ്ങാൻ സുഊദി ആലോചിക്കുന്നുണ്ടത്രെ. സുഊദിയെയും ഇറാനെയും ഖത്തറിനെയും കൂട്ടുപിടിച്ച് 'ഗ്യാസ് ഒപെക്' കൂട്ടായ്മക്കുള്ള റഷ്യയുടെ ശ്രമം യൂറോപ്യൻ യൂനിയന്റെ നീക്കങ്ങളെ അവതാളത്തിലാക്കിയിരിക്കുകയാണ്. പ്രകൃതിവാതകത്തിന് റഷ്യയെ ആശ്രയിക്കുന്നതിനു പകരം ബദൽ സ്രോതസ്സുകൾ (സുഊദി, ഖത്തർ etc) അന്വേഷിക്കുമെന്നായിരുന്നു യൂറോപ്യൻ യൂനിയന്റെ മുന്നറിയിപ്പ്. സമർഥമായ നീക്കത്തിലൂടെ പുടിൻ അതിന്റെ കാറ്റൊഴിച്ചുവിട്ടിരിക്കുകയാണ്.

മേഖലയിലെ നേതൃപദവിയും ഇപ്പോൾ ഏറക്കുറെ സുഊദി നേടിയെടുത്തുകഴിഞ്ഞു. ഇസ്രായേലീ ആക്രമണത്തിനു ശേഷം ലബനാനിൽ ആഭ്യന്തര സംഘർഷം രൂക്ഷമായി. ഒരു പക്ഷത്ത് പ്രധാനമന്ത്രി ഫുആദ് സിനിയോറയും വധിക്കപ്പെട്ട മുൻ പ്രധാനമന്ത്രി റഫീഖ് ഹരീരിയുടെ മകൻ സഅ്ദ് ഹരീരിയും. മറുപക്ഷത്ത് ഹിസ്ബുല്ല. ഇതൊരു വംശീയ സംഘട്ടനമാകാനുള്ള സാധ്യത വളരെ കൂടുതലായിരുന്നു. തക്കസമയത്ത് സുഊദി ഇടപെട്ടു. സുഊദിയുമായി അടുത്ത ബന്ധമുള്ള സഅ്ദിന് അവരുടെ നിർദേശങ്ങൾ തള്ളാനാവുമായിരുന്നില്ല. ഹിസ്ബുല്ലയെ അനുനയിപ്പിക്കാൻ ഇറാനെ രംഗത്തിറക്കിയതും സുഊദിയാണ്. അഹ്മദീ നിജാദ് സുഊദി അറേബ്യ സന്ദർശിച്ചതും സുഊദി വിദേശകാര്യമന്ത്രി ബന്ദറും ഇറാനിലെ അലി ലാരിജാനിയും പലതവണ സംഭാഷണങ്ങൾ നടത്തിയതും ലബനാനിലെ മഞ്ഞുരുക്കുന്നതിനാണെങ്കിലും ഇത് ഇറാൻ-സുഊദി ബന്ധങ്ങളെ പുതിയൊരു തലത്തിലെത്തിച്ചു. മേഖലയിലെ ഇറാന്റെ സ്വാധീനം സുഊദിയും സുഊദിയുടെ സ്വാധീനം ഇറാനും അംഗീകരിച്ചുകൊണ്ടുള്ള ഒരു ധാരണയാണ് രൂപപ്പെട്ടിരിക്കുന്നത്. ഇറാനെ ആക്രമിക്കാൻ ഗൾഫ് രാഷ്ട്രങ്ങൾ അമേരിക്കക്ക് സഹായമൊരുക്കില്ല എന്ന വിശ്വാസവും ഇതോടെ പ്രബലമായിരിക്കുകയാണ്. ഫലസ്ത്വീനിലെ ഹമാസ്-ഫതഹ് വിഭാഗങ്ങളെ വെടിനിർത്തലിലേക്ക് കൊണ്ടുവന്ന സുഊദിയുടെ നീക്കങ്ങൾ അമേരിക്കയെ പരോക്ഷമായി വെല്ലുവിളിച്ചുകൊണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്.

### അമേരിക്കയുടെ ആഭ്യന്തര പ്രതിസന്ധി

സി.എൻ.എൻ ചാനലിൽ അവതാരകനായ ലൂ ഡോബ്സി (Lou Dobbs)ന്റെ പുസ്തകങ്ങൾക്ക് അമേരിക്കയിലിപ്പോൾ വൻപ്രചാരമാണ്. ഗവൺമെന്റും കോർപറേറ്റുകളും ചേർന്ന് അമേരിക്കൻ ജനതയെ ചതിക്കുകയാണെന്ന് ഡോബ്സ് കുറ്റപ്പെടുത്തുന്നു. 'അമേരിക്കൻ തൊഴിലുകൾ പുറംനാടുകളിലേക്ക് കടത്തിക്കൊണ്ടുപോകുന്നതിനെ'(Shipping American Jobs overseas)ക്കുറിച്ചാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ. നിർമാണ മേഖ

ലയിലെ തൊഴിലുകൾ (Manufacturing jobs) ഏറക്കുറെ അമേരിക്കയിൽനിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു. അത്തരം വ്യവസായങ്ങൾ ഉൽപാദനച്ചെലവ് വളരെക്കുറഞ്ഞ നാടുകളിലേക്ക് കോർപറേറ്റ് ഭീമന്മാർ പറിച്ചുനട്ടിരിക്കുകയാണ്. അവശേഷിക്കുന്നത് സേവനമേഖലയിലെ തൊഴിലുകളാണ്. പറിച്ചുനടൽ അവിടെയും നടക്കുന്നു.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കകം മുന്നൂറ് മില്യൻ അമേരിക്കക്കാർക്ക് അവരുടെ മുഴുസമയ തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. ഇവരിൽ നാലിൽ മൂന്ന് ഭാഗത്തിന് ഒന്നുകിൽ തീരെ തൊഴിൽ കിട്ടാതിരിക്കുകയോ ചെറിയ ശമ്പളത്തിന് ജോലിയെടുക്കേണ്ടിവരികയോ ചെയ്തു. ഈയിടെ വാൾമാർട്ട് കമ്പനി വളരെ കുറഞ്ഞ ശമ്പളത്തിന് അതിന്റെ ചിക്കാഗോ ശാഖയിലെ 325 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 25,000 പേരാണ് അപേക്ഷ അയച്ചത്.

അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർഥിയാവാൻ മത്സരിക്കുന്ന ജോൺ എഡ്വേർഡ്സ് പഴയ കമ്യൂണിസ്റ്റ് ശൈലിയിലാണ് തൊഴിൽപ്രശ്നത്തെ കൈകാര്യം ചെയ്യുന്നത്. രണ്ടുതരം അമേരിക്ക (Two Americas) രൂപപ്പെട്ടിരിക്കുന്നു. ഒന്ന് ഉള്ളവന്റെയും മറ്റേത് ഇല്ലാത്തവന്റെയും. ഇവർ തമ്മിലുള്ള 'വർഗസമരം' വളരെ ആസന്നമാണ്. വർധിച്ചുവരുന്ന അശരണ വിഭാഗങ്ങളുടെ സ്ഥിതിവിവരവും അദ്ദേഹം നൽകുന്നു: ദാരിദ്ര്യത്തിൽ കഴിയുന്നവർ (37 മില്യൻ), ആരോഗ്യ ഇൻഷുറൻസ് ഇല്ലാത്തവർ (47 മില്യൻ), വിശപ്പടക്കാൻ ഇല്ലാത്തവർ (9.6 മില്യൻ. ഇതിൽ മൂന്ന് മില്യൻ കുഞ്ഞുങ്ങൾ).

അമേരിക്കയുടെ വിദേശകടം മാത്രം ആറ് ട്രില്യൻ ഡോളറാണ്. അതായത് ഓരോ അമേരിക്കക്കാരനും 20,000 ഡോളർ കടക്കാരൻ. ആഭ്യന്തരകടവും മറ്റു ഭാവി ബാധ്യതകളും കണക്കിലെടുത്താൽ മൊത്തം കടബാധ്യത 70 ട്രില്യൻ ഡോളറായി ഉയരും. ഇത് ഒരു നിലക്കും കൊടുത്തു വീട്ടാനാവില്ല. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഡോളറിന് 15 മുതൽ 20 ശതമാനം വരെ മൂല്യത്തകർച്ച ഉണ്ടായി. അമേരിക്കക്ക് ആഗോള മാർക്കറ്റിൽ മത്സരിക്കണമെങ്കിൽ ഡോളറിന്റെ മൂല്യം ഇനിയും 35 ശതമാനം കുറക്കണമെന്ന് ചില സാമ്പത്തിക വിദഗ്ധർ പറഞ്ഞുതുടങ്ങിയിട്ടുണ്ട്. അത് അമേരിക്കയുടെ മാത്രമല്ല ലോകത്തെ പല സമ്പദ്ഘടനകളുടെയും മരണമണിയായിരിക്കും.

സാമ്പത്തിക മാന്ദ്യമാണ് മറ്റൊരു പ്രശ്നം. കാറുകളുടെയും റിയൽ എസ്റ്റേറ്റുകളുടെയും മറ്റും വിൽപനയിൽ വമ്പിച്ച ഇടിവ് സംഭവിച്ചിരിക്കുന്നു. ജനങ്ങളുടെ വാങ്ങാനുള്ള ക്രയശേഷി കുറയുന്നതിന്റെ അടയാളമായി ഇതിനെ കാണാം. അഫ്ഗാനിലും ഇറാഖിലും സൈനികമായി ഇടപെട്ടതിന്റെ പേരിലുണ്ടായ ഭീമമായ സാമ്പത്തിക ബാധ്യതകൾ ഇതിനു പുറമെയാണ്.

ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് റിപ്പബ്ലിക്കന്മാർക്കോ ഡെമോക്രാറ്റുകൾക്കോ യാതൊരു ധാരണയുമില്ല. ഭരണമാറ്റം കൊണ്ട് പരിഹരിക്കാവുന്നതിലപ്പുറമാണ് കാര്യങ്ങൾ.

## അമേരിക്കൻ സാമ്രാജ്യത്വം തകരുന്നുവോ?

"അമേരിക്ക എപ്പോഴാണ് തകരുക എന്നെനിക്കറിയില്ല. അത് വളരെ അകലത്തല്ല എന്നെനിക്ക് തോന്നുന്നു. ബലപ്രയോഗത്തിലൂടെ അധികാരവാഴ്ച നടത്തുന്ന സാമ്രാജ്യമായി അമേരിക്ക രൂപാന്തരപ്പെട്ടിരിക്കുന്നു. ഇത്തരം ഏതൊരു സാമ്രാജ്യവും വൈകാതെ തകരും." മേൽ ചോദ്യത്തിന് ഇസ്ലാമിക ചിന്തകൻ ചന്ദ്രാ മുസഫർ നൽകിയ മറുപടിയാണിത്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആസന്ന തിരോധാനം ആഗോളതലത്തിൽ സജീവ ചർച്ചാവിഷയമാണ്. 'അമേരിക്കൻ യുഗത്തിന്റെ അന്ത്യം' എന്ന പേരിൽ ചാൾസ് എ. കുപ്ചൻ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. സാമ്രാജ്യങ്ങൾ രണ്ട് രീതിയിൽ നിലനിൽക്കാം- അദ്ദേഹം എഴുതുന്നു. അന്യദേശങ്ങൾ പിടിച്ചടക്കി അവിടെ സൈന്യങ്ങളെ നിർത്തി ഭരിക്കുന്ന രീതി. റോമൻ സാമ്രാജ്യം ഉദാഹരണം. ഇത്തരം സാമ്രാജ്യങ്ങൾ എളുപ്പത്തിൽ തകരും. കാരണം വിശാലമായ ഭൂപ്രദേശങ്ങൾ സംരക്ഷിച്ചുനിർത്തണമെങ്കിൽ വലിയ അധ്വാനവും പണച്ചെലവും വേണ്ടിവരും. ഇത് സാമ്രാജ്യകേന്ദ്രത്തെ സാമ്പത്തികമായി തകർക്കുകയും രാഷ്ട്രീയമായി ദുർബലമാക്കുകയും ചെയ്യും. അധിനിവേശം നടത്താതെത്തന്നെ ഭരണവും വിഭവങ്ങളും അധീനപ്പെടുത്തിവെക്കുന്നതാണ് രണ്ടാമത്തെ രീതി. ബ്രിട്ടന്റെ കോളനിവാഴ്ച ഉദാഹരണമായിപ്പറയാം. അപകടം കുറഞ്ഞ രീതിയാണിത്.

ഇതുവരെ ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ മാതൃകയിലാണ് അമേരിക്ക പ്രവർത്തിച്ചിരുന്നതെങ്കിൽ, അഫ്ഗാൻ – ഇറാഖ് അധിനിവേശത്തോടെ അത് റോമൻ ശൈലിയിലേക്ക് മാറിയിരിക്കുന്നു. ഈ മാറ്റം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പതനത്തിന് ആക്കം കൂട്ടും. അമേരിക്ക രംഗമൊഴിയുമ്പോൾ തൽസ്ഥാനം യൂറോപ്യൻ യൂനിയൻ കൈയടക്കുമെന്ന കുപ്ചന്റെ നിരീക്ഷണത്തോട് വിയോജിക്കുന്നവരാണ് അധികവും. ''അമേരിക്കയുടെ സ്ഥാനത്ത് യൂറോപ്പ് വരുമെന്ന് പറയുന്നതിൽ വലിയ അർഥമൊന്നുമില്ല. യൂറോപ്പ് കൂടുതലായി അമേരിക്കയോട് വിധേയപ്പെട്ടുകൊണ്ടിരിക്കുകയാണ്. തുടക്കത്തിൽ അമേരിക്കക്കെതിരെ വിലങ്ങടിച്ചുനിന്ന ഫ്രാൻസിന്റെ സ്ഥിതി നോക്കൂ. അവിടെ 'അമേരിക്കൻ വിരുദ്ധനായ' ഷിറാക്ക് തന്റെ സ്ഥാനാർഥിയാക്കി നിർത്തിയിരിക്കുന്നത് തനി അമേരിക്കൻ പക്ഷപാതിയായ സർക്കോസിയെയാണ്. സർക്കോസിയെ ഫ്രഞ്ച് ജനത തങ്ങളുടെ പ്രസിഡന്റായി തെരഞ്ഞെടുക്കുമെന്നും ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു." അൽജസീറ ചാനലിലെ രാഷ്ട്രീയ വിശകലനവിദഗ്ധനായ ഫൈസൽ ഖാസിം ഈ വിഷയകമായി പറഞ്ഞ അഭിപ്രായമാണിത്. ഇതേ നിലപാട് തന്നെ ചിന്തകനായ സമീർ അമീനും പങ്കുവെക്കുന്നു: "അമേരിക്കൻ താൽപര്യങ്ങളോട് യൂറോപ്യൻ യൂനിയൻ രാജിയാവുന്നു എന്നതിനർഥം, യൂറോപ്യൻ യൂനിയന്റെ സൈനിക, സാമ്പത്തിക സ്വാതന്ത്ര്യം നഷ്ടമാവുന്നു എന്നും അമേരിക്കൻ മേധാവിത്വത്തിന് അവർ വിധേയപ്പെടുന്നു എന്നുമാണ്."

മറ്റൊരു നിലക്കാണ് ജോർദാനിലെ ഇസ്ലാമിക പണ്ഡിതൻ ഡോ. ഗാലിബുൽ ഫരീജാത്ത് ചിന്തിക്കുന്നത്: ''ഇപ്പോൾ അമേരിക്കയുടെ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ സത്യത്തെയും നീതിയെയും എന്തിനെയും ആയുധം കൊണ്ട് നേരിട്ട് ശരിപ്പെടുത്തിക്കളയാമെന്ന് വിശ്വസിക്കുന്ന വിഡ്ഢികളാണ്. ലോകസമൂഹങ്ങളെക്കുറിച്ചോ അവരുടെ സംസ്കാരങ്ങളെക്കുറിച്ചോ അവർക്കൊന്നുമറിയില്ല. തങ്ങളുടെ ഇടുങ്ങിയ വീക്ഷണകോണിലൂടെയാണ് അവർ ലോകത്തെ നിർവചിക്കുന്നത്. തങ്ങൾ വിരലനക്കിയാലല്ലാതെ ഒരാളും അനങ്ങിപ്പോകരുതെന്ന് ശഠിക്കുന്നു. ഇങ്ങനെ അഹന്ത മാത്രം കൈമുതലാക്കിയ ഈ സാമ്രാജ്യത്വം മറ്റേത് സാമ്രാജ്യത്വത്തേക്കാളും എളുപ്പത്തിൽ തകരും എന്നാണ് ഞാൻ കരുതുന്നത്."

ഐജാസ് അഹ്മദ് സൂചിപ്പിക്കുന്നതുപോലെ, അമേരിക്കൻ സാമ്രാജ്യത്വത്തിന് ആസന്നമരണം പ്രവചിക്കുന്നത് ബുദ്ധിയായിരിക്കില്ല. വിയറ്റ്നാം പ്രതിസന്ധിയിൽനിന്ന് കരകയറിയതുപോലെ ഇറാഖീചതുപ്പിൽനിന്നും അത് ഒരുപക്ഷേ രക്ഷപ്പെട്ടേക്കാം. ഇപ്പോഴത്തെ നിലപാടുകളിൽ കാതലായ മാറ്റം വന്നാലേ അതും സാധ്യമാകൂ. ■